**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 91** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>വടകര മാഹി കനാൽ പ്രവൃത്തി പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ (മുഖ്യമന്ത്രി)

**(എ)** 2021 മെയ് മാസം മുതൽ നാളിതുവരെ വടകര മാഹി കനാൽ, ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പൂർത്തിയാക്കിയ പ്രവൃത്തികളും ഇപ്പോൾ നടന്നു വരുന്ന പ്രവർത്തികളും ഏതൊക്കെയാണെന്നും കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വരുന്ന ഭാഗങ്ങളുടെ അടങ്കൽ തുക ഉൾപ്പെടുത്തി വിശദീകരിക്കാമോ;

**<u>മറുപടി:</u>** വടകര മാഹി കനാലിന്റെ ഭാഗമായി പൂർത്തീകരിച്ച പ്രവൃത്തികളുടേയും നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടേയും ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

**(ബി)** വടകര മാഹി കനാലിന്റെ 3-ാം റീച്ചിലെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദീകരിക്കുമോ;

**<u>മറുപടി:</u> 3.24 കി.മീ. നീളമുള്ള വടകര മാഹി കനാലിന്റെ മൂന്നാം റീച്ചിന്റെ 52% പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി. ചെയിനേജിൽ ഉയർന്ന കട്ടിംഗ് ആവശ്യമായ 800 മീറ്ററിലെ സങ്കീർണ്ണമായ സംരക്ഷണഭിത്തി നിർമ്മാണം നിലവിലെ കരാറിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കാത്തതിനാലും അതിനു അനുയോജ്യമായ ഡിസൈൻ ഇതുവരെയും ലഭ്യമായിട്ടില്ലാത്തതിനാലും മറ്റു മാർഗ്ഗങ്ങൾ പരിശോധിച്ച് വരുന്നു.**

**(സി)** വടകര മാഹി കനാൽ, ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ദേശീയ ജലപാത മാനദണ്ഡമനുസരിച്ച് കനാലിന് ചുരുങ്ങിയ വീതി 32 മീറ്ററും ആഴം 2.20 മീറ്ററും ആണ് ആവശ്യമായി വരുന്നത്. ഈ മാനദണ്ഡ പ്രകാരമാണ് വടകര മാഹി കനാലിന്റെ വികസനപ്രവൃത്തികൾ നടന്നുവരുന്നത്.

**(ഡി)** മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് പ്രവൃത്തി 2026 ജനവരി മാസം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി നിലവിൽ 97.8% പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**